"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) വിഭാഗത്തെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ) നം.129/2021/പൊ.ഭ.വ തീയതി,തിരുവനന്തപുരം, 05/07/2021

പരാമർശം:- 1 29/02/2019 ലെ മുന്നാക്കോവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട്.

2 സ.ഉ(കൈ)നം01/2020/പി.വി.വി.വ തീയതി, 25.01.2020

3 സ.ഉ(കൈ)നം.114/2021/പൊഭവ, തീയതി, 03.06.2021

4 08.06.2021 തീയതിയിൽ കേരള വെള്ളാള മഹാസഭ സമർപ്പിച്ച നിവേദനം

**ഉത്തരവ്**

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാന ഒ.ബി.സി, കേന്ദ്ര ഒ.ബി.സി, സംസ്ഥാന SEBC പട്ടികയിൽ ഒന്നും പെടാത്ത അതായത് തൊഴിൽ സംവരണവും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കാത്ത 166 സംവരേണതര വിഭാഗങ്ങളുടെ പട്ടിക കമ്മീഷൻ പരാമർശം 1 പ്രകാരം സമർപ്പിച്ചിരുന്നു.

2) സർക്കാർ പ്രസ്തുത പട്ടിക വിശദമായി പരിശോധിക്കുകയും പട്ടികയിൽ ഉൾപ്പെട്ടതും നിലവിൽ ഒ.ബി.സി വിഭാഗ പട്ടികയിൽ ഉൾപ്പെട്ടതുമായ നായിഡു, നാടാർ (എസ്.ഐ.യു.സി യിൽ ഉൾപ്പെടാത്ത ക്രിസ്തുമതക്കാർ), ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നീ വിഭാഗങ്ങളെ ഒഴിവാക്കി 164 വിഭാഗങ്ങളെ സംവരണേതര വിഭാഗമായി ഉൾപ്പെടുത്തി പരാമർശം 3 ഉത്തരവ് പ്രകാരം പട്ടിക അംഗീകരിച്ച് ഉത്തരവായിരുന്നു.

3) പ്രസ്തുത ഉത്തരവിലെ രണ്ടാം ഖണ്ഡികയിൽ ശൈവ വെള്ളാള എന്ന വിഭാഗത്തെ (പാലക്കാട് ജില്ല ഒഴികെ ഉള്ളവരെ) പട്ടികയിൽ ഉൾപ്പെടുത്തുകയും, എന്നാൽ പ്രസ്തുത ഉത്തരവിലെ 135 ാം മത് ക്രമ നമ്പരിൽ ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നുമാണ് പറഞ്ഞിരിക്കുന്നതെന്നും, ആയതിൽ പിശകുണ്ടെന്നും ചൂണ്ടിക്കാട്ടി ശൈവ വെള്ളാള മഹാസഭ പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4) പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിക്കുകയും പരാമർശം 2 ഉത്തരവ് പ്രകാരം ശൈവ വെള്ളാള (പാലക്കാട് ജില്ലയിലെ മാത്രം) സമുദായത്തെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 ഉത്തരവിലെ സംവരേണതര പട്ടികയിലെ രണ്ടാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്നതിനു പകരം ശൈവ വെള്ളാള (പാലക്കാട് ജില്ല മാത്രം) എന്നും, അതുപോലെ പട്ടികയിലെ 135ാം മത് ക്രമ നമ്പരിൽ ശൈവവെള്ളാള (പാലക്കാട് ജില്ല മാത്രം) എന്നുള്ളത് ശൈവ വെള്ളാള (പാലക്കാട് ജില്ല ഒഴികെ) എന്ന് മാറ്റം വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/

സ്പെഷ്യൽ സെക്രട്ടറിമാർ

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപൂരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ/ ആഡിറ്റ്). കേരള, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും

എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്

രജിസ്ട്രാർ, കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപൂരം

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും

രജിസ്ട്രാർ, കേരള /കാലിക്കറ്റ് കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്ടിറ്റി,പൂക്കോട്, വയനാട്

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ